"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- കൊല്ലം നഗരസഭയിലെ അയത്തിൽ വടക്കേവിള സോണൽ ഓഫീസിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന- ഉദ്യോഗസ്ഥർക്കെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു)വകുപ്പ്**

**സ.ഉ.(സാധാ) നം.2166/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 03/10/2019

---

പരാമർശം:- 1 വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 10.12.2014 തീയതിയിലെ ഇ2(എസ്.സി 36/2014/കെഎൽഎം) 11162 2014 നമ്പർ കത്ത്

2 23.01.2016തീയതിയിലെ ഇയു2-252/2015-തസ്വഭവ നമ്പർ

കുറ്റാരോപണമെമ്മോ

3 നഗരകാര്യ ഡയറക്ടറുടെ 27.02.2019 തീയതിയിലെ

വി1- 7255/16 നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം നഗരസഭയിലെ അയത്തിൽ വടക്കേവിള സോണൽ ഓഫീസിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 25.04.2014-ൽ നടത്തിയ മിന്നൽ പരിശോധനയിൽ ജീവനക്കാർ അനധികൃതമായി ഹാജരില്ലായിരുന്നതായും, ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ യഥാവിധി സൂക്ഷിക്കാത്തതായും കണ്ടെത്തിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ പരാമർശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തതനുസരിച്ച് ടി നഗരസഭയിലെ ഉദ്യോഗസ്ഥരായ ശ്രീ.ജെ ഷാജഹാൻ, സൂപ്രണ്ട്, ശ്രീമതി എച്ച്. സിമി, ക്ലാർക്ക്, ശ്രീ കെ. മുരളീധരൻ, ഓഫീസ് അറ്റൻഡന്റ്, ശ്രീമതി .ഐ ജ്യോതി, ക്ലാർക്ക്/ബിൽ കളക്ടർ, ശ്രീ. എ. അബ്ദുൾ സലാം, ക്ലാർക്ക്, ശ്രീ എം. ബിജു, ഓഫീസ് അറ്റൻഡന്റ്, ശ്രീമതി. ആർ. സുധാകുമാരി, ഹെൽത്ത് ഇൻസ്പെക്ടർ, ശ്രീ.എസ്.കെ. രാധാകൃഷ്ണൻ,

സൂപ്രണ്ട്, ശ്രീ .ജി. എസ്.സുരേഷ്, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2, ശ്രീ. ഐ .ആസാദ് (സീനിയർ ക്ലാർക്ക്), ശ്രീ തൻഫീക്ക്.ജെ(ക്ലാർക്ക്), ശ്രീ പി പ്രതീപ് (ക്ലാർക്ക്) ശ്രീ റ്റി ജോപ്പൻ (ക്ലാർക്ക്), ശ്രീ എ മുജീബ് ഖാൻ (ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 എന്നിവർക്ക് കുറ്റാരോപണമെമ്മോ /പത്രിക നൽകിയിരുന്നു. കുറ്റാരോപണ മെമ്മോയ്ക്ക് ടിയാളുകൾ സമർപ്പിച്ച മറുപടികളിന്മേൽ കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഗരകാര്യഡയറക്ടർ പരാമർശം 3 പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു

2. കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ ടി വിഷയത്തിൽ ജീവനക്കാരുടെ മറുപടി കൊല്ലം നഗരസഭാ സെക്രട്ടറിയുടെ റിപ്പോർട്ട് സഹിതം പരിശോധിച്ചതിൽ നിന്നും ആരും മന:പൂർവ്വമായി വീഴ്ച വരുത്തിയിട്ടില്ലെന്നും തുടർന്നുള്ള ദിവസങ്ങളിൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ, ഹാജർ പുസ്തകം എന്നിവ യഥാവിധി എഴുതി വരുന്നതാണെന്നും ആയതിനാൽ മന:പൂർവ്വമല്ലാത്ത വീഴ്ച മാപ്പാക്കി മേൽ ജീവനക്കാരെ തുടർന്നുള്ള അച്ചടക്ക നടപടികളിൽ നിന്നും ഒഴിവാക്കാവുന്നതാണെന്ന് കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു.

3. നഗരകാര്യഡയറക്ടറുടെ ഇക്കാര്യത്തിലുള്ള റിപ്പോർട്ട് പ്രകാരം വിജിലൻസ് സംഘം പരിശോധിക്കുമ്പോൾ 8 ജീവനക്കാർ ഓഫീസിൽ ഹാജരില്ലാതെ കാണപ്പെട്ടിട്ടുള്ളതും 6 ജീവനക്കാർ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ യഥാവിധി രേഖപ്പെടുത്തലുകൾ വരുത്താതിരുന്നതും, ഗൗരവമായി കാണുന്നതും, ടിയാളുകൾക്കെതിരെ ചട്ട പ്രകാരമുള്ള അച്ചടക്ക നടപടികൾ സ്വീകരിക്കാവുന്നതുമാണ് എന്നും എന്നാൽ ജീവനക്കാരുടെ മറുപടികളും കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടും പരിഗണിച്ച് ചായ കുടിക്കുന്ന ആവശ്യത്തിലേക്ക് പുറത്തു പോയതും ഫീൽഡ് ജോലിയിൽ ഏർപ്പെട്ടിരുന്നതും അടിയന്തര സാഹചര്യത്തിൽ ഓഫീസിൽ ഹാജരാകാൻ സാധിക്കാത്തതുമായ ജീവനക്കാരെ മാനുഷിക പരിഗണനയുടെ പേരിൽ തുടർന്നുള്ള അച്ചടക്ക നടപടികളിൽ നിന്നും ഒഴിവാക്കാവുന്നതുമാണ് എന്നും, സൂപ്രണ്ടായിരുന്ന ശ്രീ എസ് കെ. രാധാകൃഷ്ണൻ 31.05.2015-ൽ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതു പരിഗണിച്ചും തുടർ നടപടികളിൽ നിന്നും ഒഴിവാക്കാവുന്നതാണ് എന്നും അറിയിക്കുന്നു. എന്നാൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ യഥാവിധി രേഖപ്പെടുത്തലുകൾ വരുത്താത്ത ശ്രീ. ഐ. ആസാദ് (സീനിയർ ക്ലാർക്ക്), ശ്രീ. ഐ. തൻഫീക്ക് (ക്ലാർക്ക്), ശ്രീ. പി. പ്രതീപ് (ക്ലാർക്ക്) ശ്രീ. റ്റി. ജോപ്പൻ (ക്ലാർക്ക്), ശ്രീ. എ. മുജീബ് ഖാൻ (ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2) എന്നിവരുടെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടുള്ളതും ആയതിന് ടിയാളുകൾ നൽകിയ മറുപടി തൃപ്തികരമല്ലാത്തതുമാണ് എന്നതിനാൽ ടിയാളുകൾക്ക് ഓഫീസ്

കൃത്യനിർവ്വഹണങ്ങളിൽ തുടർന്ന് വീഴ്ചകൾ ഉണ്ടാകാതിരിക്കുവാൻ ചട്ടപ്രകാരമുള്ള ശിക്ഷകൾ നൽകാവുന്നതാണെന്നും നഗരകാര്യഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു.

4. സർക്കാർ ഇക്കാര്യം വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപണമെമ്മോ യിന്മേലുള്ള മറുപടി , നഗരകാര്യ ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള റിപ്പോർട്ട് എന്നിവ പ്രകാരം വിശദമായി പരിശോധിച്ചു. കുറ്റാരോപണമെമ്മോയിന്മേൽ ജീവനക്കാരുടെ മറുപടിയും ഇക്കാര്യത്തിൽ നഗരാകാര്യഡയറക്ടറുടെ റിപ്പോർട്ടും പരിശോധിച്ചതിൽ അനധികൃതഹാജരില്ലായ്മ എന്ന ആരോപണത്തിലുള്ള ജീവനക്കാരുടെ വിശദീകരണം അംഗീകരിക്കാവുന്നതാണെന്ന് കാണുന്നു. എന്നാൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ യഥാവിധി രേഖപ്പെടുത്തലുകൾ വരുത്താതിരുന്നുവെന്നതിന് ശ്രീ ഐ ആസാദ് (സീനിയർ ക്ലാർക്ക്), ശ്രീ തൻഫീക്ക്.ജെ(ക്ലാർക്ക്), ശ്രീ പി പ്രതീപ് (ക്ലാർക്ക്) ശ്രീ റ്റി ജോപ്പൻ (ക്ലാർക്ക്), ശ്രീ എ മുജീബ് ഖാൻ (ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 എന്നിവരുടെ വിശദീകരണം പൂർണമായും അംഗീകരിക്കാനാവുന്നതല്ല.

5. മേൽ സാഹചര്യത്തിൽ കൊല്ലം നഗരസഭയിലെ അയത്തിൽ വടക്കേവിള സോണൽ ഓഫീസിൽ വിജിലൻസ് ആന്റ് ആന്റി കറപ് ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ ഭാഗമായി ടി നഗരസഭയിലെ 14 ഉദ്യോഗസ്ഥർക്കെതിരായി ആരംഭിച്ച അച്ചടക്കനടപടി, ശ്രീ. ജെ. ഷാജഹാൻ (സൂപ്രണ്ട്), ശ്രീമതി എച്ച്. സിമി ( ക്ലാർക്ക്), ശ്രീ കെ. മുരളീധരൻ (ഓഫീസ് അറ്റൻഡന്റ്), ശ്രീമതി. ഐ. ജ്യോതി (ക്ലാർക്ക് / ബിൽ കളക്ടർ) , ശ്രീ .എ. അബ്ദുൾ സലാം, (ക്ലാർക്ക് ), ശ്രീ എം. ബിജു, (ഓഫീസ് അറ്റൻഡന്റ്) , ശ്രീമതി ആർ സുധാകുമാരി , (ഹെൽത്ത് ഇൻസ്പെക്ടർ )ശ്രീ.എസ്. കെ. രാധാകൃഷ്ണൻ, സൂപ്രണ്ട്, ശ്രീ.ജി.എസ്.സുരേഷ്(ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2) എന്നിവരെ തുടർനടപടികളിൽ നിന്നും ഒഴിവാക്കിയും ശ്രീ. ഐ. ആസാദ് ( സീനിയർ ക്ലാർക്ക് ), ശ്രീ. തൻഫീക്ക്.ജെ ( ക്ലാർക്ക് ), ശ്രീ പി പ്രതീപ് ( ക്ലാർക്ക് ) ശ്രീ റ്റി ജോപ്പൻ ( ക്ലാർക്ക് ), ശ്രീ. എ. മുജീബ് ഖാൻ ( ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2) എന്നിവരുടെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ ഒരുവർഷത്തേക്ക് തടഞ്ഞുകൊണ്ടും തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യൂ
അഡീഷണല് സെക്രട്ടറി

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ,കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (നഗരകാര്യഡയറക്ടർ മുഖേന)

വിജിലൻസ് വകുപ്പ്

(17.04.2019 തീയതിയിലെ VIG-D1/988/2018-VIGനമ്പർ കുറിപ്പ് പ്രകാരം)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ